**കേരള സർക്കാർ**

നം. 47836/എഫ്.എം./2011/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 29/12/2011.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്ക് വിശദീകരണം - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(എം.എസ്) നം. 330/2004/ത.സ്വ.ഭ.വ. തീയതി: 09.12.2004.
2) സർക്കുലർ നം. 12245/പി1/2005/ത.സ്വ.ഭ.വ.
3) കോ-ഓർഡിനേഷൻ സമിതിയോഗ തീരുമാനം 1.26 തീയതി: 14.12.2011.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ സൂചനയിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയ്ക്ക് കൂടുതൽ വിശദീകരണം നൽകേണ്ടതുണ്ടെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ശുപാർശ ചെയ്തത്. സർക്കാർ വിശദമായി പരിശോധിച്ച് മാർഗ്ഗരേഖയ്ക്ക് ചുവടെ വിവരിക്കുന്ന വിശദീകരണങ്ങൾ സൂചന രണ്ടായി പുറപ്പെടുവിച്ചിരുന്നു.

കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ ചുവടെ പ്രതിപാദിക്കുന്ന പ്രവൃത്തികൾക്കും മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾക്കനുസൃതമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

1. ചുറ്റുമതിൽ (Compound wall) കെട്ടുക,
2. വൈദ്യുതീകരണം (Electrification),
3. മേൽക്കൂരകൾ മാറ്റുക (roof changing),
4. ആശുപത്രികൾക്ക് ആവശ്യമായ പുതിയ ഉപകരണങ്ങൾ (equipments) വാങ്ങുക എന്നാൽ ഒരു ഉപകരണത്തിന് പരമാവധി 25,000 രൂപ മാത്രമേ വിനിയോഗിക്കാവൂ.
5. കെട്ടിടങ്ങൾക്ക് അനുബന്ധ സൗകര്യങ്ങൾ , ഉദാ:- ടോയ്ലറ്റ്, അടുക്കള (kitchen), സ്റ്റോറേജ് റൂം മുതലായവ.
6. റോഡ് മെയിന്റനൻസിന് വകയിരുത്തിയിട്ടുള്ള വിഹിതം മെറ്റലിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികൾക്കും വിനിയോഗിക്കാവുന്നതാണ്.

ഇതോടൊപ്പം സൂചന മൂന്നിലെ തീരുമാനമായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശം കൂടി ചേർക്കുന്നു.

7. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച്കൊണ്ടുള്ള പുനരുദ്ധാരണ പ്രവർത്തികളിൽ അവശ്യഘട്ടങ്ങളിൽ മാത്രം സോളിംഗ് എന്ന ഇനം കൂടി ഉൾപ്പെടുത്താവുന്നതാണെന്നും എന്നാൽ ഇത് ആവശ്യമായ ഭാഗങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയം ബന്ധപ്പെട്ട എഞ്ചിനീയർ രേഖപ്പെടുത്തി സർട്ടിഫൈ ചെയ്തിരിക്കേണ്ടതുമാണ്. പഴയ റോഡുകളിൽ റോഡ് നശിച്ച് സോളിംഗ് ആവശ്യമായി വരുന്ന ഭാഗത്ത് മാത്രം ഇപ്രകാരം സോളിംഗ് അനുവദിക്കാവുന്നതാണ്.

രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് സെക്രട്ടറി നൽകേണ്ടതാണ്)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
(ഗ്രാമവികസന കമ്മീഷണർ നൽകേണ്ടതാണ്)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (പഞ്ചായത്ത് സമന്വയ സംരക്ഷിക്കേണ്ടതാണ്)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും. (നഗരകാര്യ സമന്വയ
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും. — — സംരക്ഷിക്കേണ്ടതാണ്)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം.
പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമ വികസനം.
സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
സെക്രട്ടറി, പൊതുവിദ്യാഭ്യാസം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്.
ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്.
✓ ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:-

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു: വ്യവസായവും നഗരകാര്യവും ഐ.റ്റിയും മന്ത്രിയുടെ പി.എസ്-ന്.
ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
ബഹു: ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
സംസ്ഥാന ആസൂത്രണ ബോർഡ് വൈസ്ചെയർമാൻ.
മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറി.
വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾ.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്.

ഉത്തരവിൻപ്രകാരം അയക്കുന്നത്,

(ഒപ്പ്)

സെക്ഷൻ ഓഫീസർ.